## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3371 — 20-06-2018-ൽ മറുപടിയ്ക്ക്

### ഭരണമികവിന് ലഭിച്ച അംഗീകാരം

**ചോദ്യം**
ശ്രീ.പി.ഉണ്ണി

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണമികവിന് സംസ്ഥാനത്തിന് എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) (ബി) & (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഏതെല്ലാം രംഗങ്ങളിലെ ശ്രദ്ധയമായ നേട്ടങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | | |
| (സി) | ഏതെല്ലാം മേഖലകളിലാണ് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്;വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരളത്തിന് ലഭിച്ച അംഗീകാരങ്ങൾ

### പൊതുഭരണം

- ഭരണനിർവ്വഹണത്തിൽ ഒന്നാം സ്ഥാനം കേരളം (പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പട്ടിക)

### ആഭ്യന്തര വകുപ്പ്

പ്രവർത്തന മികവിനുള്ള അംഗീകാരമായി താഴെപറയുന്ന ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ രണ്ട് വർഷത്തിനിടയിൽ പൊലീസ് സേനയ്ക്ക് ലഭിച്ചു.

- ക്രമസമാധാനപാലത്തിനുള്ള ഇന്ത്യാടുഡേ പുരസ്കാരം
- അഴിമതി കുറവുള്ള സംസ്ഥാനം കേരളം ( സെന്റർ ഫോർ മീഡിയ സ്റ്റഡീസ് )
- ഏറ്റവും കുറവ് വർഗീയകലാപം കേരളം (നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ)
- പൊലീസ് എക്സലൻസ് അവാർഡ് 2017 ജനമൈത്രി പൊലീസ് (കോപ്റ്റഡെ ഇൻറർനാഷണൽ)
- രാജ്യത്തെ മികച്ച പത്ത് പൊലീസ് സ്റ്റേഷനുകളിൽ ഒന്ന് വളപട്ടണം
- ഐഎസ്ഒ സർട്ടിഫിക്കേഷൻ ഉള്ള രണ്ടാമത്തെ ജില്ലാ പൊലീസ് ഓഫീസ് കൊല്ലം സിറ്റി പൊലീസ് കമ്മീഷണർ ഓഫീസ്
- സൈബർ കുറ്റാന്വേഷണം കേരളം (നാസ്കോം-ഡാറ്റാ സെക്യൂറിറ്റി കൗൺസിൽ)
- റോഡ് സുരക്ഷിതത്വ പരിശ്രമത്തിനും ട്രാഫിക് സുരക്ഷിതത്വത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യവകുപ്പ്)
- സ്റ്റുഡൻറ് പൊലീസ് പദ്ധതി രാജ്യവ്യാപകമാക്കാൻ കേന്ദ്ര തീരുമാനം
- സ്ത്രീസുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാംസ്ഥാനം (പ്ലാൻ ഇന്ത്യ)
- ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ

**ആരോഗ്യ സാമൂഹ്യനീതി വകുപ്പ്**

**ദേശീയ ആരോഗ്യ രംഗത്ത് കേരളം ഒന്നാമത്** : ദേശീയ ആരോഗ്യ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി കേരളം ഒന്നാമതെത്തി. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, രാജ്യത്തിനകത്തും പുറത്തുമുള്ള വിദഗ്ധർ എന്നിവരുടെ നിർദ്ദേശാനുസരണം വേൾഡ് ബാങ്കിന്റെ സഹകരണത്തോടെ നീതി ആയോഗ് നടത്തിയ പഠനത്തിലാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയത്. നീതി ആയോഗ് റിപ്പോർട്ട് പ്രകാരം 76.55 മുതൽ 80.00 സ്കോർനേടിയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

**വയോശ്രേഷ്ഠ സമ്മാൻപുരസ്കാരം** : മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും നിയമനിർമ്മാണം, ക്ഷേമം എന്നിവ നടപ്പിലാക്കുന്നതിൽ ഏറ്റവും മികച്ച സംസ്ഥാനം എന്ന നിലയ്ക്കാണ് ദേശീയ വയോശ്രേഷ്ഠ സമ്മാൻപുരസ്കാരം കേരളത്തിന് ലഭിച്ചത്. വയോജനങ്ങൾക്കായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ വയോമിത്രം പരിപാടികൾക്കുള്ള അംഗീകാരമായിരുന്നു ഈ പുരസ്കാരം.

**എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡ്** : സങ്കീർണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്ന ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിക്ക് ദേശീയ തലത്തിൽ ശ്രദ്ധേയമായ എക്സ്പ്രസ് ഹെൽത്ത് കെയർഅവാർഡ് ലഭിച്ചു. ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതി എന്ന നിലയിലാണ് കേരളത്തിലെ ഹൃദ്യം പദ്ധതിയെ എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡിനായി തെരഞ്ഞെടുത്തത്.

**സ്വസ്ഥ് ഭാരത് ഗോൾഡ് അവാർഡ്** : സങ്കീർണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്ന ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിക്ക് ദേശീയ തലത്തിൽ ശ്രദ്ധേയമായ സ്കോച്ച് സ്വസ്ഥ് ഭാരത് ഗോൾഡ് അവാർഡ് ലഭിച്ചു. ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതി എന്ന നിലയിലാണ് കേരളത്തിലെ ഹൃദ്യം പദ്ധതിയെ അവാർഡിനായി തെരഞ്ഞെടുത്തത്.

ശിശുമരണ നിരക്ക് വികസിത ലോകത്തിനുതുല്യമായി കുറച്ചു കൊണ്ടുവന്ന സംസ്ഥാനമായി നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ കേരളത്തെ തെരഞ്ഞെടുത്തു.

**കൃഷി വകുപ്പ്**

ഇന്ത്യാ ടുഡേയുടെ 2016 ലെ കാർഷിക മേഖലയിലെ ഏറ്റവും മികച്ച പുരോഗതി നേടിയ സംസ്ഥാനത്തിനുള്ള അവാർഡ് – കേരള കൃഷി വകുപ്പ്

**ടൂറിസം വകുപ്പ്**

**അന്തർദേശീയ പുരസ്കാരങ്ങൾ**

- 2018 ലെ ഏറ്റവും മികച്ച ഫേയ്സ്ബുക്ക് പേജ്
- ബിനാലെ പ്രിന്റ് ക്യാമ്പയിൻ, പോസ്റ്റൽക്യാമ്പയിൻഎന്നിവയ്ക്ക് 2018 ലെ ദാസ് ഗോൾഡൻ സ്റ്റാഡ്റ്റർ പുരസ്കാരം
- ബെസ്റ്റ് ഡെസ്റ്റിനേഷൻ ഫോർ ഫാമിലീസ്, റൊമാൻസ് എന്നിവയ്ക്ക് 2018 ലെ ലോൺലി പ്ലാനറ്റ് അവാർഡ്
- ഇന്ത്യയിലെ മികച്ച വാട്ടർഫ്രണ്ട് ഡെസ്റ്റിനേഷന് 2017 ലെ ബെറ്റർ ഹോളിഡേ അവാർഡ്
- വെൽനസ്സ് & സ്പിരിച്ചാലിറ്റി ഡെസ്റ്റിനേഷന് 2017 ലെ ഔട്ട് ലുക്ക് ട്രാവലർ അവാർഡ്
- മികച്ച കൺസ്യൂമർട്രാവൽബ്രോഷർഫിലിം ടൂറിസം ബ്രോഷറിന് 2017 ലെ PATA ഗോൾഡ് അവാർഡ്
- മികച്ച ബാക്ക് വാട്ടർ ആയുർവേദ വിഭാഗത്തിന് 2017 ലെ ടൂറിസം കോൺക്ലേവ് അവാർഡ്
- മികച്ച ടൂറിസം ഇ-ന്യൂസ് ലെറ്ററിന് 2016 ലെ PATA ഗോൾഡ് അവാർഡ്
- വിസിറ്റ് കേരള എന്ന ദൃശ്യമാധ്യമ പ്രചരണത്തിന് 2016 ലെ PATA ഗോൾഡ് അവാർഡ്

**ദേശീയ പുരസ്കാരങ്ങൾ**

- ടൂറിസം രംഗത്തെ സമഗ്രവികസനത്തിന് ദേശീയതലത്തിൽമൂന്നാം സ്ഥാനം
- മികച്ച ഉത്തരവാദിത്വ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം
- മികച്ച സിവിക് മാനേജ്മെന്റിനുള്ള പുരസ്കാരം സരോവരം ഗ്രീൻപാർക്ക്

**ഗതാഗത വകുപ്പ്**

സൗരോർജ്ജ ബോട്ട് സർവ്വീസിന് – കേന്ദ്ര സർക്കാരിന്റെ (MNRE) പ്രശംസ : രാജ്യത്തെ ആദ്യത്തെയും എറ്റവും വലുതുമായ സൗരോർജ്ജ ബോട്ട് 'ആദിത്യ' വൈക്കം – തവണക്കടവ് റൂട്ടിൽ സർവ്വീസ് ആരംഭിച്ചു. പരിസ്ഥിതി സൗഹാർദ്ദവും ലാഭകരവും സാങ്കേതികമായി ഉന്നതനിലവാരം പുലർത്തുന്നതുമായ ഈ സംരംഭത്തിന് കേന്ദ്ര സർക്കാരിനു കീഴിലുള്ള MNRE യുടെ പ്രശംസ

**വൈദ്യുതി വകുപ്പ്**

- നാഷണൽ എനർജി കൺസർവേഷൻ അവാർഡ് 2016-17
- എനർജി മാനേജ്മെന്റ് സെന്റർ കാമ്പസിനെ 2017 ലെ ഗ്ലോബൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി. ഊർജ്ജത്തിനും പരിസ്ഥിതിക്കും നൽകിയ പ്രാധാന്യവും കണക്കിലെടുത്താണ് ഈ പുരസ്കാരം

**തദ്ദേശ സ്വയംഭരണ വകുപ്പ്**

- ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭാരത സർക്കാർ പഞ്ചായത്ത് മന്ത്രാലയം ഏർപ്പെടുത്തിയ ഇ-പഞ്ചായത്ത് പുരസ്കാരം (കാറ്റഗറി 1) – 2017 ലെ രണ്ടാം സ്ഥാനം
- ആധാർ ലിങ്കിംഗ് ആന്റ് കൺവർഷൻ പുരസ്കാരം. ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ബന്ധപ്പെട്ട അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിച്ച് കൂലി വിതരണം ഇപേമെന്റ് ആയി മാറ്റിയതിന് – 2016-17 ഒന്നാം സ്ഥാനം
- ഡി.ഡി.യു.ജി.കെ.വൈ പദ്ധതി നിർവ്വഹണത്തിൽ ദേശീയ തലത്തിൽ ദേശീയ ഗ്രാമവികസന മന്ത്രാലയം നൽകുന്ന പുരസ്കാരം- 2017 ൽമൂന്നാം സ്ഥാനം, 2018 ൽരണ്ടാം സ്ഥാനം
- ദേശീയ നഗര ഉപജീവന പദ്ധതി മികച്ച പ്രകടനത്തിന് ദേശീയ നഗര മന്ത്രാലയം നൽകുന്ന പുരസ്കാരം -2018 ലെ മൂന്നാം സ്ഥാനം
- ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ അയൽക്കൂട്ടം ഉപജീവന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീക്ക് 2017 ൽ കേന്ദ്ര പുരസ്കാരം
- കുടുംബശ്രീ മാതൃക തങ്ങളുടെ രാജ്യത്ത് നടപ്പിലാക്കിയതിനും ഉഗാണ്ട ഗവൺമെന്റ് പ്രശസ്തി പത്രം

**മത്സ്യബന്ധന, കശുവണ്ടി വകുപ്പ്**

- 'ദി ബെസ്റ്റ് മിനിസ്റ്റർ ഓഫ് ദി ഇയർ -എക്കണോമിക് ഡെവലപ്മെന്റ് 2017' അവാർഡ് ഹാർബർ എൻജിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് ലഭിച്ചു.

**വിദ്യാഭ്യാസ വകുപ്പ്**

- മികച്ച വിദ്യാഭ്യാസ പരിപാടിക്കുള്ള NCERT യുടെ ദേശീയ പുരസ്കാരം

**വിവര പൊതുജന സമ്പർക്ക വകുപ്പ്**

2016-ൽ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ മികച്ച പവലിയനുള്ള സ്വർണമെഡലും 2017-ൽ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ മികച്ച പവലിയനുള്ള വെള്ളിമെഡലും ലഭിച്ചിട്ടുണ്ട്.

**വനം, മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാല വകുപ്പ്**

ഇന്ത്യാ ടുഡേയുടെ 2016-ലെ സ്റ്റേറ്റ്സ് ഓഫ് സ്റ്റേറ്റ്സ് അവാർഡ് കേരളത്തിന് ലഭിച്ചു. ഓവറോൾ അവാർഡ് ഉൾപ്പെടെ ഏഴ് അവാർഡുകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക്, മറൈൻ & അഗ്രി പ്രോഡക്ട്സ് (എസ്.എൽ.എം.എ..പി) എന്ന ലബോറട്ടറിക്ക് ദേശീയ അംഗീകാരമായ എൻ.എ.ബി.എൽ അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്.

## തൊഴിൽ വകുപ്പ്

1. തൊഴിൽ വകുപ്പിന് കീഴിലുള്ള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഡി.ഐ.എൻ.ഇ.എൻ-ഐഎസ്ഒ 9001-2015 സർട്ടിഫിക്കേഷൻ ലഭിച്ചു. സേവനങ്ങൾ അതിവേഗം തൊഴിലാളികളിൽ എത്തിക്കാനുള്ള നവീകരണ നടപടികൾ ഉൾപ്പെടെ പരിഗണിച്ചാണ് തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ചത്. ക്ഷേമനിധി ബോർഡുകൾക്ക് ഇത്തരമൊരു അംഗീകാരം സംസ്ഥാനത്ത് ആദ്യം.

2. തൊഴിൽ വകുപ്പിന് കീഴിലുള്ള പുനലൂർ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന് ഗുണനിലവാരത്തിനുള്ള ഐഎഒ 9001-2015 സർട്ടിഫിക്കേഷനും പരിസ്ഥിതി സംരക്ഷണത്തിനുള്ള ഐഎസ്ഒ 14001 -2004 സർട്ടിഫിക്കേഷനും ലഭിച്ചു. പരിസ്ഥിതി സംരക്ഷണത്തിനുള്ള ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ച രാജ്യത്തെ ആദ്യ പ്ലാന്റേഷൻ കമ്പനി.

3. തൊഴിൽ വകുപ്പിന് കീഴിലുള്ള ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2016-ലും 2017-ലും സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് ലഭിച്ചു. വകുപ്പിന് കീഴിലെ എല്ലാ ഓഫീസുകളും സേവനങ്ങളും ഓൺലൈൻ സംവിധാനത്തിന് കീഴിൽ കൊണ്ടുവന്നതിനാണ് ദേശീയ തലത്തിലുള്ള പുരസ്കാരങ്ങൾ.

സെക്ഷൻ ഓഫീസർ